# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2191-18/06/2013 -ലെ മറുപടിക്ക്
## സ്വയം സംരംഭക മിഷൻ വായ്പാ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . എം.എ. ബേബി | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സ്വയം സംരംഭക മിഷൻ പ്രകാരം വായ്പ ലഭ്യമാക്കുന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ ; | കേരള സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ തോത് കുറയ്ക്കുക, സംസ്ഥാനത്തെ യുവജ്ജനങ്ങൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള സർക്കാർ രൂപം നൽകിയ ഒരു പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ. കഴിവും മികച്ച ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുകയും പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലളിതമായ ജാമ്യ വ്യവസ്ഥ പ്രകാരം ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും പലിശരഹിത സാമ്പത്തിക സഹായം ലഭ്യമാക്കുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | ഏതെല്ലാം ബാങ്കുകളെയാണ് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്; | ബാങ്കുകളോ, ധനകാര്യ സ്ഥാപനങ്ങളോ വഴിയാണ് വായ്പ അനുവദിക്കുക. സംരംഭകർക്ക് അവരവർക്ക് താൽപര്യമുള്ള ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതി നുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | 18 നും 40 നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽ രഹിതരായ യുവതീ യുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വിധവകൾക്ക് 45 വയസ്സു വരെ അപേക്ഷിക്കാം. +2, വൊക്കേഷണൽ കോഴ്സു കളാണ് യോഗ്യത. 2 മുതൽ 5വരെ പേർ അടങ്ങിയ ഗ്രൂപ്പുകളായിട്ടാണ് അപേക്ഷിക്കേണ്ടത്. സാങ്കേതിക വിദഗ്ദ്ധർക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. ഓൺലൈനായി ആണ് അപേക്ഷകൾ സമർപ്പിയ്ക്കേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 13 ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം നൽകുന്നു |

| | | |
|---|---|---|
| | | വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായിരിക്കും വായ്പയ്ക്ക് അർഹത. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര ലക്ഷം രൂപ വായ്പ അനുവദിച്ചു ? | 16.05.2013 ലെ കണക്കുകൾ പ്രകാരം 304 സംരംഭകർ ഉൾപ്പെട്ട 131 സംരംഭങ്ങൾക്കായി 1221 ലക്ഷം രൂപയുടെ വായ്പ അനുവദിച്ചു. |

അക്കൗണ്ട്സ് ഓഫീസർ